**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2586** **02-08-2021 - ൽ മറുപടിയ്ക്ക്**

**ലാബ് അസിസ്റ്റന്റുമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ ലാബ് അസിസ്റ്റന്റുമാരുടെ എത്ര തസ്തികകൾ ഉണ്ടെന്ന് വിശദമാക്കുമോ; ഇതിൽ സർക്കാർ മേഖല, എയ്ഡഡ് മേഖല, അൺ എയ്ഡഡ് മേഖല എന്നിവ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ സർക്കാർ മേഖലയിൽ 1478 തസ്തികകളും, എയ്ഡഡ് മേഖലയിൽ 921 തസ്തികകളും, ഉണ്ട്. അൺ എയ്ഡഡ് മേഖലയിലെ വിവരങ്ങൾ സർക്കാർ തലത്തിൽ ക്രോഡീകരിച്ച സൂക്ഷിച്ചിട്ടില്ല |
| (ബി) | സർക്കാർ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ മൊത്തം ലാബ് അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കുമോ; | (ബി) | തിരുവനന്തപുരം - 1 കൊല്ലം - 3 പത്തനംതിട്ട - 2 ആലപ്പുഴ - ഇല്ല കോട്ടയം - ഇല്ല ഇടുക്കി - ഇല്ല എറണാകുളം - 7 തൃശ്ശൂർ - 1 പാലക്കാട് - 3 മലപ്പുറം - 2 കോഴിക്കോട് - 1 വയനാട് - ഇല്ല കണ്ണൂർ - 3 കാസറഗോഡ് - 2 |
| (സി) | ഒരു ഹയർസെക്കണ്ടറി വിദ്യാലയത്തിൽ കുറഞ്ഞത് എത്ര ബാച്ചുകൾ ഉണ്ടെങ്കിലാണ് ലാബ് അസിസ്റ്റന്റുമാരെ നിയമിക്കുന്നതെന്ന് വ്യക്തമാക്കുമോ; രണ്ട് ലാബ് അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് കുറഞ്ഞത് എത്ര ബാച്ചുകൾ വേണമെന്ന് വിശദമാക്കുമോ; എല്ലാ സർക്കാർ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലും രണ്ടുവീതം ലാബ് അസിസ്റ്റന്റുമാരുണ്ടോ ; രണ്ട് ലാബ് അസിസ്റ്റന്റുമാരുടെ തസ്തിക നിലവിലുള്ള സർക്കാർ ഹയർ സെക്കണ്ടറി വിദ്യാലയത്തിൽ ഒരു ലാബ് അസിസ്റ്റന്റിനെ മാത്രം നിയമിച്ച വിദ്യാലയങ്ങൾ ഉണ്ടോ; | (സി) | സയൻസ് ബാച്ചുള്ള ഹയർസെക്കണ്ടറി വിദ്യാലയങ്ങളിലാണ് ലാബ് അസിസ്റ്റന്റുമാരെ അനുവദിക്കുന്നത്. ബയോസയൻസ് ബാച്ചുള്ള ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ 2 ലാബ് അസിസ്റ്റന്റുമാരെ അനുവദിക്കാറുണ്ട്. മറ്റു വിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| (ഡി) | തസ്തിക ഉണ്ടായിട്ടും ലാബ് അസിസ്റ്റന്റുമാർ ഇല്ലാത്ത സർക്കാർ വിദ്യാലയങ്ങൾ ഉണ്ടോ; എങ്കിൽ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ഡി) | വിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| (ഇ) | ലാബ് അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി റാങ്ക് പട്ടിക നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പട്ടികയിൽ നിന്ന് എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; പ്രസ്തുത റാങ്ക് പട്ടികയിൽ ഇനി എത്രപേർ നിയമനം | (ഇ) | വിവരങ്ങൾ ശേഖരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | ലഭിക്കാതെ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | | |
| (എഫ്) | ലാബ് അസിസ്റ്റന്റുമാരുടെ പൊതുസ്ഥലമാറ്റം നടക്കാറുണ്ടോ; എങ്കിൽ അവസാനമായി പൊതുസ്ഥലംമാറ്റം നടന്നത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കുമോ; പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള ഏറ്റവും ഒടുവിലത്തെ സർക്കാർ ഉത്തരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പൊതു സ്ഥലമാറ്റത്തിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; ലാബ് അസിസ്റ്റന്റുമാരിൽ സ്ഥലം മാറ്റത്തിനായി നിലവിൽ അപേക്ഷിച്ചവരുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ; | (എഫ്) | ലാബ് അസിസ്റ്റന്റുമാരുടെ പൊതു-സ്ഥലംമാറ്റം നടന്നട്ടില്ല. ലാബ് അസിസ്റ്റന്റുമാരുടെ നിയമനം ജില്ല അടിസ്ഥാനത്തിലാണ് നടക്കുന്നത്. |
| (ജി) | തസ്തികമാറ്റം വഴി എച്ച്.എസ്.എസ്. അദ്ധ്യാപകനിയമനം തുടങ്ങിയിട്ടുണ്ടോ എന്നും ആയതുപ്രകാരം സംസ്ഥാനത്ത് എത്ര പേരെ നിയമിച്ചുവെന്നും വ്യക്തമാക്കുമോ; തസ്തികമാറ്റം വഴി മിനിസ്റ്റീരിയൽ സ്റ്റാഫിനെയും ലാബ് അസിസ്റ്റന്റുമാരെയും എച്ച്.എസ്.എസ്. അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ടെങ്കിൽ ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ജി) | തസ്തികമാറ്റം വഴി എച്ച്.എസ്. എസ്. അദ്ധ്യാപകനിയമനം തുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ